ഈ പാടശേഖരങ്ങളിൽ വെള്ളം കയറ്റുകയും ഇറക്കുകയും ചെയ്യുന്നത് കുറുമാലി-കരുവന്നൂർ പുഴകളിലൂടെയാണ്. ഈ പുഴകളിൽ സ്ഥാപിച്ചിട്ടുള്ള റെഗുലേറ്റുകളും സ്ലൂയിസ്സുകളും ശാസ്ത്രീയമായി പുന:ക്രമീകരിക്കേണ്ടതാവശ്യമായി വന്നിരിക്കുകയാണ്. അതുപോലെ കെ.എൽ.ഡി.സി. കനാലിലൂടെ വെള്ളം ഒഴുക്കിക്കൊണ്ടുപോയാണ് പാടശേഖരങ്ങളിലേയ്ക്കാവശ്യമായ വെള്ളം കൊടുക്കുന്നത്. ഈ കനാലിന്റെ ബണ്ട് സ്ട്രെങ്തൻ ചെയ്യുന്നതിനും ആ കനാലിൽ ഉണ്ടായിട്ടുള്ള ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിനും കോൾ കർഷകർക്ക് മറ്റ് തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, തൃശ്ശൂർ ജില്ലയിലെ കോൾ മേഖല നേരിടുന്ന പ്രധാന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നബാർഡ് ധനസഹായത്തോടുകൂടിയുള്ള 1-ാം ഘട്ടം കോൾ വികസന പദ്ധതി 31-3-2001-ൽ അവസാനിച്ചു. ഈ പദ്ധതിയിൽ 62.636 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 5 റെഗുലേറ്ററുകൾ, 18 കനാൽ പാലങ്ങൾ, 15 നടപ്പാലങ്ങൾ, 179 എഞ്ചിൻ തറികൾ, 122 ഫ്ളഡ് ഇൻസുലേറ്റർ, 30 റാംപുകൾ, 30 കനാൽ ബണ്ടുകൾ എന്നിവ ഈ പദ്ധതിയിൽ പൂർത്തിയാക്കി. 2 കോടി 52 ലക്ഷം രൂപയുടെ 6 പ്രവൃത്തികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രവൃത്തികളിൽ ഇരിങ്ങാലക്കുട മേഖലയിലെ 50 ലക്ഷം രൂപയുടെ എം.എം. കനാൽ 4-ാം റീച്ചിന്റേയും കാട്ടൂർ കനാലിന്റേയും പ്രവർത്തികൾ ഉൾപ്പെടുന്നു. ഈ പ്രവർത്തികളെല്ലാം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. 1-ാം ഘട്ടത്തിൽ ഉൾപ്പെടുത്താത്ത പണികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 28.23 കോടി രൂപയുടെ അടങ്കൽ തുക വരുന്ന 2-ാം ഘട്ട പദ്ധതിയും തയ്യാറാക്കിയിട്ടുണ്ടണ്ട്. ഈ പദ്ധതിയിൽ ഇരിങ്ങാലക്കുട മേഖലയിൽ 265 ലക്ഷം രൂപയുടെ പണികൾ ഉൾപ്പെടുന്നു. തൃശൂർ കോൾ മേഖലയിലെ നെൽപ്പാടങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണം ലക്ഷ്യമിട്ടുകൊണ്ടണ്ടുള്ള ഹൈലെവൽ ഫ്ളഡ് ഫ്ളോ കനാലിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയെല്ലാം പൂർത്തീകരിക്കുമ്പോൾ തൃശൂർ കോൾ കർഷക മേഖലകളുടെ പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കുന്നതാണ്.

(21) ഈറ്റത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഈറ്റ സമയത്തിന് ലഭിക്കാത്തതുകൊണ്ടും, ബാംബു കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതുകൊണ്ടും തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികൾ ദുരിതത്തിലും പട്ടിണിയിലുമാണ്. 4 മാസങ്ങൾക്കുമുമ്പ് ഇവർ സമരം നടത്തിയ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയും എം.ഡി.യും, ഞാനുൾപ്പെടെയുള്ള നിയമസഭാസാമാജികന്മാരും ചേർന്ന് ഒരു ഒത്തുതീർപ്പുവ്യവസ്ഥയുണ്ടാക്കിയതാണ്. അന്ന് പറഞ്ഞത് പനമ്പിന്റെ വില വർദ്ധിപ്പിക്കാമെന്നും വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കു നൽകിയിരുന്ന സാമ്പത്തികസഹായം പുനസ്ഥാപിക്കാമെന്നും. 18 വയസ്സിനുമുകളിലുള്ള എല്ലാപേർക്കും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധിയിൽ അംഗമാകാനുള്ള നടപടി സ്വീകരിക്കാമെന്നും തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ക്ഷേമനിധിയുടെ ഉദ്യോഗസ്ഥനെ നിയമിക്കുമെന്നാണ്. അന്നു തന്ന ഉറപ്പുകൾ ഒന്നും പാലിച്ചിട്ടില്ല. അടിയന്തിരമായി അന്ന് തന്നിട്ടുള്ള ഉറപ്പുകൾ പാലിക്കുകയും ഈറ്റത്തൊഴിലാളികൾക്ക് ആവശ്യത്തിന് ഈറ്റ നൽകുകയും ചെയ്ത് തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും അലോട്ടുമെന്റ്, പാസ് എന്നിവ ലഭിക്കാൻ താമസിക്കുമെന്നതിനാൽ 2005 നവംബർ, ഡിസംബർ മാസങ്ങളിൽ വനത്തിൽ നിന്നും ഈറ്റ ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും തൻമൂലം തൊഴിലാളികളുടെ വരുമാനത്തിൽ കുറവ് അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വനം വകുപ്പ് അധികൃതരുമായി കൂടുതൽ ചർച്ചകൾ നടത്തുന്നതാണ്. ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന് കണ്ടതിനാൽ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന ഈറ്റത്തൊഴിലാളികൾക്ക് 1-12-2005 മുതൽ ചികിത്സാ സഹായം, വിവാഹ സഹായം, മരണാനന്തര സഹായം, തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം എന്നിവ താൽക്കാലിക നടപടിയെന്നുള്ള നിലയിൽ കോർപ്പറേഷൻ നേരിട്ട് വിതരണം നടത്തിവരുന്നുണ്ട്.

(22) ധാർമ്മിക മൂല്യങ്ങൾക്കും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന വിഷയങ്ങൾ പാഠ്യവിഷയമാക്കണമെന്ന ആവശ്യം

ശ്രീ. കെ.എൻ.എ. ഖാദർ: സർ, കേരളം വിദ്യാസമ്പന്നരുടെ നാടാണ്. വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കൊപ്പം ഇപ്പോൾ അധർമ്മവും പെരുകുകയാണ്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ ബാങ്ക് കൊള്ളയടിക്കുന്നു. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ സഹപാഠിയെ ബലാൽസംഗം ചെയ്യുന്നു. Education is not civilization എന്ന് ബോധ്യപ്പെട്ടുവരികയാണ്. ഈ സമൂഹത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനവിഷയങ്ങൾക്കൊപ്പം ധാർമ്മിക മൂല്യങ്ങൾക്കും മനുഷ്യസ്നേഹത്തിനും പ്രാധാന്യം നൽകുന്ന വിഷയങ്ങൾകൂടി പഠിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന പ്രശ്നം ഞാൻ ഉന്നയിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഈ കാര്യം വളരെ ഗൗരവമായി ഉൾക്കൊള്ളുകയാണ്. അതുകൊണ്ടുതന്നെ ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പഠനത്തിന്റെ ഭാഗമായിട്ടുള്ള പ്രോജക്ട്, അസൈൻമെന്റ് പോലുള്ള കാര്യങ്ങളിൽ ഇത്തരം ചില കാര്യങ്ങൾ ഉൾപ്പെടുത്തുകയാണ്. സാമൂഹ്യ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രചരണ പ്രവർത്തനങ്ങൾ, നോട്ടീസുകൾ, പോസ്റ്ററുകൾ,

LIBRARY ARCHIVES Kerala Legislative Assembly